"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - സംസ്ഥാന കർഷക അവാർഡ് 2025- മികച്ച കാർഷിക മാധ്യമ പ്രവർത്തനത്തിന് നൽകി വരുന്ന കർഷക ഭാരതി അവാർഡ് -ജഡ്ജിംഗ് കമ്മിറ്റിയിൽ അനൗദ്യോഗിക അംഗങ്ങളെ നാമനിർദേശം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**കൃഷി ( ഇ ബി )വകുപ്പ്**

സ.ഉ.(സാധാ) നം.719/2026/AGRI തീയതി,തിരുവനന്തപുരം, 30-07-2026

---

പരാമർശം:- 1. സ.ഉ (സാധാ) നം. 649/2026/കൃഷി നമ്പർ തീയതി 08/07/2026

2. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 09/07/2026 തീയതിയിലെ ADFW/6693/2026-TV1 നമ്പർ കത്ത്

**ഉത്തരവ്**

2025 വർഷത്തെ സംസ്ഥാന കർഷക അവാർഡ് നിർണ്ണയവുമായി ബന്ധപ്പെട്ട് 38 അവാർഡ് വിഭാഗങ്ങൾക്ക് അംഗീകാരം നൽകി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചു. പ്രസ്തുത അവാർഡ് വിഭാഗങ്ങളിൽ ഉൾപ്പെട്ട കർഷക ഭാരതി- അച്ചടി മാധ്യമം, കർഷക ഭാരതി- നവ മാധ്യമം, കർഷക ഭാരതി- ദൃശ്യ മാധ്യമം എന്നിവ കാർഷിക രംഗത്ത് മികച്ച റിപ്പോർട്ടിംഗിന് നൽകുന്ന മാധ്യമ പ്രവർത്തകർക്കുള്ള അവാർഡുകളാണ്. കർഷക ഭാരതി അവാർഡ് ജേതാക്കളെ നിർണ്ണയിക്കുന്നതിനുള്ള ജഡ്ജിംഗ് കമ്മിറ്റിയിൽ നോൺ ഒഫീഷ്യൽ അംഗങ്ങളെ നാമനിർദ്ദേശം ചെയ്തു നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, ഡയറക്ടർ പരാമർശം (2) പ്രകാരം പ്രൊപോസൽ സമർപ്പിച്ചിരുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2025 വർഷത്തെ കർഷകഭാരതി അവാർഡ് ജേതാക്കളെ നിർണ്ണയിക്കുന്നതിനുള്ള ജഡ്ജിംഗ് കമ്മിറ്റിയിൽ ചുവടെ ചേർത്തിരിക്കുന്ന 3 മാധ്യമ പ്രവർത്തകരെ അനൗദ്യോഗിക അംഗങ്ങളായി നാമ നിർദേശം ചെയ്ത് ഉത്തരവാകുന്നു.

1) ശ്രീ.സണ്ണിക്കുട്ടി എബ്രഹാം
2) ശ്രീ.മാർക്കോസ് എബ്രഹാം (മലയാള മനോരമ)
3) ശ്രീ ജോൺസൻ (ദീപിക)

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ദേവി എൽ ആർ

അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം

അനൗദ്യോഗിക അംഗങ്ങൾക്ക് (കൃഷി ഡയറക്ടർ മുഖേന )

പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ, ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്)/ (എ&ഇ), കേരള, തിരുവനന്തപുരം

വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Digitally signed by
Prijith. G
Date: 30-07-2026
14:04:39

സെക്ഷൻ ഓഫീസർ

പകർപ്പ്- ബഹു. കൃഷി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

അഡീഷണൽ ചീഫ് സെക്രട്ടറിയുടെ സി.എ-ക്ക്

കൃഷി വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ-ക്ക്